ദേശാഭിമാനി

2023 മെയ് 11 വ്യാഴം | 1198 മേടം 27 | 1444 ശവ്വാൽ 20

ഡയലോഗ്

മണിപ്പൂരിലേതുപോലെ വംശീയ കലാപങ്ങൾ ഉണ്ടാകാതിരിക്കാൻ വടക്കൻ ബംഗാളിലെയും അസമിലെയും ജനങ്ങൾ ജാഗ്രത പാലിക്കണം. ഇവിടെയൊന്നും അത്തരമൊരു സംഘർഷമുണ്ടാകരുത്. ഒരു സമുദായത്തിനെ മറ്റൊരു സമുദായത്തിനെതിരെ തിരിക്കാൻ ബോധപൂർവമായ ശ്രമം നടക്കുന്നുണ്ട്

മുഹമ്മദ്സലിം, സിപിഐ എം പശ്ചിമബംഗാൾ സംസ്ഥാന സെക്രട്ടറി

ചരിത്രത്തിൽ ഇന്ന്

11

1857	സ്വാതന്ത്ര്യ സമരഭടന്മാർ ഡൽഹി പിടിച്ചെടുത്തു
1861	തിരൂർ- കുറ്റിപ്പുറം റെയിൽപ്പാത തുറന്നു
1924	മെഴ്സിഡസ് ബെൻസ് കമ്പനി സ്ഥാപിച്ചു
1949	സയാം ഔദ്യോഗികമായി തായ്‌ലൻഡായി
1998	ഇന്ത്യയുടെ പൊഖ്റാൻ ആണവപരീക്ഷണം
2000	ഇന്ത്യൻ ജനസംഖ്യ 100 കോടിയായി

നാടിന്റെ ഉള്ളുലച്ച അരുംകൊല

കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ഹൗസ് സർജൻസിയുടെ ഭാഗമായ ജോലിക്കിടെ ഡോക്ടർ കുത്തേറ്റുമരിച്ചു എന്ന വാർത്തയുടെ നടുക്കത്തിലേക്കാണ് ബുധനാഴ്ച മലയാളികൾ ഉണർന്നത്. കോട്ടയം കടുത്തുരുത്തി സ്വദേശി മോഹൻദാസിന്റെയും തിരുവനന്തപുരം കഴക്കൂട്ടം സ്വദേശി വസന്തകുമാരിയുടെയും ഏകമകളാണ് കൊല്ലപ്പെട്ട ഡോ. വന്ദന ദാസ്. ഭാവിയെക്കുറിച്ച് ഏറെ സ്വപ്നങ്ങളും പ്രതീക്ഷകളുമായി വൈദ്യശാസ്ത്ര ബിരുദം നേടിയ വന്ദനയുടെ ജീവനെടുത്തത് ചികിത്സയ്ക്ക് പൊലീസ് എത്തിച്ച ഒരു അധ്യാപകനാണ്. കൊല്ലം പൂയപ്പള്ളി സ്വദേശി സന്ദീപിന്റെ ആക്രമണത്തിൽ രണ്ട് പൊലീസ് ഉദ്യോഗസ്ഥരടക്കം നാലു പേർക്കുകൂടി പരിക്കേറ്റു. സന്ദീപ് ലഹരിക്കടിമയായിരുന്നുവെന്ന് റിപ്പോർട്ടുകളുണ്ട്.

രോഗി മരിക്കുകയോ മറ്റോ ചെയ്താൽ ബന്ധുക്കൾ ആശുപത്രിയിൽ നാശമുണ്ടാക്കുകയോ ആരോഗ്യപ്രവർത്തകരെ മർദിക്കുകയോ ചെയ്യുന്ന സംഭവങ്ങൾ ഉണ്ടാകാറുണ്ട്. ഇത്തരം വൈകാരിക പ്രതികരണങ്ങൾ അസംബന്ധമാണെന്നതുകൊണ്ട് അവ തടയാൻ സർക്കാർ നടപടികൾ സ്വീകരിച്ചുവരുമ്പോഴാണ് അത്തരത്തിലല്ലാത്ത ആക്രമണത്തിൽ വിലപ്പെട്ട ഒരു ജീവൻ നഷ്ടപ്പെട്ടിരിക്കുന്നത്. സമൂഹത്തിന്റെയാകെ ഉള്ളുലച്ച സംഭവത്തിൽ ഡോക്ടർമാർ വ്യാഴം രാവിലെ എട്ടുവരെ സമരത്തിലാണ്. സംസ്ഥാന മനുഷ്യാവകാശ കമീഷനും ഹൈക്കോടതിയും വിഷയത്തിൽ ഇടപെട്ടു. ഒരാഴ്ചയ്ക്കകം റിപ്പോർട്ട് നൽകണമെന്ന് മനുഷ്യാവകാശ കമീഷൻ നിർദേശിച്ചിട്ടുണ്ട്. ഹൈക്കോടതി ഡിവിഷൻ ബെഞ്ച് വ്യാഴാഴ്ച വീണ്ടും വിഷയം പരിഗണിക്കുന്നുണ്ട്.

മനുഷ്യത്വമുള്ളവരെയെല്ലാം വേദനിപ്പിക്കുന്ന ഈ സംഭവവും സംസ്ഥാന സർക്കാരിനെ ആക്രമിക്കാനാണ് ചിലർ ആയുധമാക്കുന്നത്. പൊലീസിന്റെ അനാസ്ഥയാണ് ഈ ദാരുണസംഭവത്തിന് കാരണമെന്നാണ് സംസ്ഥാന പ്രതിപക്ഷ നേതാവിന്റെ ആരോപണം. അക്രമിയെ തടയാൻ ശ്രമിച്ച രണ്ടു പൊലീസ് ഉദ്യോഗസ്ഥരും കുത്തേറ്റ് ചികിത്സയിലിരിക്കെയാണ് പ്രതിപക്ഷ നേതാവ് സ്ഥാനത്തിന്റെ മഹിമ മറന്ന് രാഷ്ട്രീയനേട്ടത്തിന് ശ്രമിക്കുന്നത്. ഇത്തരം ആക്രമണങ്ങൾക്കെതിരെ സർക്കാരിന് ശക്തമായ നിലപാടാണുള്ളതെന്ന് മുഖ്യമന്ത്രിയും ആരോഗ്യമന്ത്രിയും വ്യക്തമാക്കിയിട്ടുണ്ട്

മുഖപ്രസംഗം കേൾക്കാൻ
ക്യു ആർ കോഡ്
സ്കാൻ ചെയ്യുക

പ്രതി ബുധനാഴ്ച പുലരുംമുമ്പേ പൊലീസിന്റെ എമർജൻസി നമ്പരിലേക്ക് വിളിച്ചിരുന്നു. വിവരം ലഭിച്ച നൈറ്റ് പട്രോളിങ് സംഘം തിരിച്ചുവിളിച്ചപ്പോൾ ഇയാളുടെ നമ്പർ ഓഫായിരുന്നു. മൂന്നരയ്ക്ക് മറ്റൊരു നമ്പരിൽനിന്ന് വീണ്ടും വിളിച്ചതനുസരിച്ച് പൊലീസ് എത്തിയപ്പോൾ പരിക്കേറ്റ നിലയിലാണ് ഇയാളെ കണ്ടത്. അങ്ങനെ ചികിത്സയ്ക്കാണ് ആശുപത്രിയിൽ എത്തിച്ചത്. അവിടെ കാഷ്വാലിറ്റിയിൽ പരിശോധിച്ചപ്പോൾ ശാന്തനായിരുന്നു. മുറിവുകളിൽ മരുന്ന് വയ്ക്കുന്നതിന് ഡ്രെസിങ് റൂമിലേക്ക് മാറ്റിയപ്പോൾ അവിടെ വച്ചാണ് അക്രമാസക്തനായത്. ആദ്യം ബന്ധുവിനെ ചവിട്ടി. പിന്നീട് ഹോംഗാർഡിനെ കത്രികയെടുത്ത് കുത്തി. പൊലീസുകാർ ഓടിയെത്തിയപ്പോൾ അവരെയും കുത്തി. ഇതിനിടെ ഡ്യൂട്ടി ഡോക്ടറും നഴ്സുമാരും ഓടി അടുത്തമുറിയിൽ കയറിയെങ്കിലും വന്ദനയ്ക്ക് അത് സാധിച്ചില്ല. കഴുത്തിനും നെഞ്ചിലുമടക്കം നിരവധി കുത്തേറ്റ യുവഡോക്ടറെ ഉടൻ വിദഗ്ധചികിത്സയ്ക്ക് തിരുവനന്തപുരത്ത് എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. സന്ദീപിനെ സർവീസിൽ നിന്ന് സസ്പെൻഡ് ചെയ്തിട്ടുണ്ട്.

മനുഷ്യത്വമുള്ളവരെയെല്ലാം വേദനിപ്പിക്കുന്ന ഈ സംഭവവും സംസ്ഥാന സർക്കാരിനെ ആക്രമിക്കാനാണ് ചിലർ ആയുധമാക്കുന്നത്. പൊലീസിന്റെ അനാസ്ഥയാണ് ഈ ദാരുണസംഭവത്തിന് കാരണമെന്നാണ് സംസ്ഥാന പ്രതിപക്ഷ നേതാവിന്റെ ആരോപണം. അക്രമിയെ തടയാൻ ശ്രമിച്ച രണ്ട് പൊലീസ് ഉദ്യോഗസ്ഥരും കുത്തേറ്റ് ചികിത്സയിലിരിക്കെയാണ് പ്രതിപക്ഷ നേതാവ് സ്ഥാനത്തിന്റെ മഹിമ മറന്ന് രാഷ്ട്രീയനേട്ടത്തിന് ശ്രമിക്കുന്നത്. ഇത്തരം ആക്രമണങ്ങൾക്കെതിരെ സർക്കാരിന് ശക്തമായ നിലപാടാണുള്ളതെന്ന് മുഖ്യമന്ത്രിയും ആരോഗ്യമന്ത്രിയും വ്യക്തമാക്കിയിട്ടുണ്ട്. ജോലിക്കിടെ ആരോഗ്യപ്രവർത്തകർ ആക്രമിക്കപ്പെടുന്നത് ഒരുകാരണവശാലും അംഗീകരിക്കാനാകില്ലെന്ന് വ്യക്തമാക്കിയ മുഖ്യമന്ത്രി സമഗ്രമായ അന്വേഷണം നടത്തുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്.

ആരോഗ്യ, വിദ്യാഭ്യാസ രംഗങ്ങളിലടക്കം സമസ്ത മേഖലയിലും മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായ കേരളത്തെ കൂടുതൽ പരിഷ്കൃതമായ ആധുനിക സമൂഹമാക്കാൻ നമ്മൾ ഇനിയും ഏറെ മുന്നേറേണ്ടതുണ്ടെന്നാണ് ഈ ദുരന്തം കാണിക്കുന്നത്. ഒരു അധ്യാപകനാണ് കൊലപാതകം നടത്തിയതെന്നത് ഇതിന്റെ ഗൗരവം വർധിപ്പിക്കുന്നു. സമൂഹത്തെയാകെ അധഃപതനത്തിലേക്ക് തള്ളിയിടുന്ന ലഹരിവിപത്തിനെതിരെ സമൂഹമാകെ ഉണർന്ന് പ്രവർത്തിക്കണം. സമൂഹത്തിനാകെ മാതൃകയാകേണ്ട അധ്യാപകർക്കിടയിൽ ഇത്തരം പുഴുക്കുത്തുകൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കാൻ അധ്യാപക സമൂഹത്തിന് ഉത്തരവാദിത്വമുണ്ട്. രാഷ്ട്രീയ ഭേദമില്ലാതെ വിദ്യാർഥി, യുവജന സംഘടനകളും ലഹരിവിപത്തിനെതിരെ പ്രവർത്തനം ശക്തമാക്കണം. ലഹരിക്കെതിരായ പോരാട്ടത്തിൽ അനശ്വരനക്ഷത്രമായി നമ്മുടെയെല്ലാം മനസ്സിൽ ഡോ. വന്ദനയുണ്ടാകുമെന്ന പ്രതിജ്ഞയോടെ അവൾക്ക് വിടനൽകാം.

മണിപ്പൂരിന് തീയിട്ടതാര്

നേർവഴി

എം വി ഗോവിന്ദൻ

വടക്കുകിഴക്കൻ സംസ്ഥാനമായ മണിപ്പൂരിൽനിന്ന് വരുന്ന വാർത്തകൾ ആശങ്കയും ഭീതിയും ഉളവാക്കുന്നതാണ്. വംശഹത്യക്ക് സമാനമായ സംഭവങ്ങളാണ് അവിടെ നടക്കുന്നതെന്നാണ് ബിജെപി എംഎൽഎ തന്നെ വെളിപ്പെടുത്തിയിട്ടുള്ളത്. ‘എന്റെ സംസ്ഥാനം കത്തുകയാണെന്നും സഹായിക്കണമെന്നുമായിരുന്നു’ ഒളിമ്പിക്സ് മെഡൽ ജേതാവ് മേരി കോം പ്രധാനമന്ത്രിയോട് അഭ്യർഥിച്ചത്. ഇതിനകം 65 പേർ കൊല്ലപ്പെടുകയും 35,000 പേർ അഭയാർഥികളാക്കപ്പെടുകയും ചെയ്തു. നൂറുകണക്കിന് വീടുകളും കടകളും സ്ഥാപനങ്ങളും അഗ്നിക്കിരയാക്കപ്പെട്ടു. വുൻസാഗിൻ വാൾട്ടെ എന്ന ബിജെപി എംഎൽഎപോലും ആക്രമിക്കപ്പെട്ടു. ഇന്റർനെറ്റ് സർവീസുകളുടെ നിരോധനം തുടരുകയാണ്.

മെയ് മൂന്നിന് വൈകിട്ട് ആരംഭിച്ച കലാപം എട്ടോടെയാണ് നിയന്ത്രണവിധേയമാക്കാൻ കഴിഞ്ഞതെന്നാണ് മാധ്യമവാർത്തകൾ സൂചിപ്പിക്കുന്നത്. പട്ടാളത്തെയും അസം റൈഫിൾസിനെയും ഇറക്കിയാണ് സംഘർഷം നിയന്ത്രിച്ചത്. ക്രമസമാധാനപാലനത്തിൽ സംസ്ഥാന സർക്കാർ പൂർണമായും പരാജയപ്പെട്ടതിനാലാണ് കേന്ദ്ര സേനയെ വിളിക്കേണ്ടിവന്നത്. ‘ഡബിൾ എൻജിൻ’ സർക്കാരിന്റെ പൂർണ പരാജയമാണ് ഇത് വിളിച്ചോതുന്നത്. കേന്ദ്രവും സംസ്ഥാനവും ബിജെപി ഭരിച്ചാൽ എല്ലാ പ്രശ്നങ്ങളും പരിഹരിക്കാനാകുമെന്ന ബിജെപിയുടെ പതിവ് ആഖ്യാനത്തിന്റെ പൊള്ളത്തരമാണ് ഇവിടെ തുറന്നുകാട്ടപ്പെടുന്നത്.

മണിപ്പൂരിൽ വിവിധ സമുദായങ്ങൾ തമ്മിലുള്ള സംഘർഷം നേരത്തേയും ഉണ്ടായിട്ടുണ്ട്. വിവിധ ഗോത്രവർഗ വിഭാഗങ്ങൾ തമ്മിലും ഗോത്രവിഭാഗങ്ങളും മറ്റ് ജനവിഭാഗങ്ങൾ തമ്മിലും സംഘർഷം ഉണ്ടാകാറുണ്ട്. എന്നാൽ, ഇപ്പോഴത്തെ സംഘർഷത്തിന് പ്രധാനകാരണം സംസ്ഥാനഭരണത്തിന് നേതൃത്വം നൽകുന്ന ബിജെപിയുടെ ഹിന്ദുത്വരാഷ്ട്രീയമാണ്. വിവിധ ജനവിഭാഗങ്ങൾക്കിടയിൽ വിദ്വേഷത്തിന്റെയും വെറുപ്പിന്റെയും വിത്തുകൾ പാകിയതിന്റെ ഫലമാണിത്. സംസ്ഥാനഭരണം നിലനിർത്താൻ ഭൂരിപക്ഷത്തിന്റെ ഒപ്പംനിന്ന് മറ്റ് വിഭാഗങ്ങൾക്കെതിരെ ആർഎസ്എസും ബിജെപിയും നിരന്തരമായി നടത്തിയ കുപ്രചാരണങ്ങളുടെ ഫലംകൂടിയാണിത്.

ഭൂമിശാസ്ത്രപരമായി മണിപ്പൂരിൽ രണ്ട് മേഖലയാണുള്ളത്. ഇംഫാൽ താഴ്വരയും മലമ്പ്രദേശവും. ജനസംഖ്യയിൽ 60 ശതമാനവും ജീവിക്കുന്നത് 10 ശതമാനംമാത്രം വരുന്ന ഭൂവിഭാഗമായ താഴ്വരയിലാണ്. 90 ശതമാനം ഭൂവിസ്തൃതിയുള്ള മലയോരമേഖലയിൽ മൊത്തം ജനസംഖ്യയുടെ 40 ശതമാനവും. താഴ്വരയിൽ മെയ്ത്തീകൾക്കാണ് ഭൂരിപക്ഷം. ഇവരിൽ ഭൂരിപക്ഷവും ഹിന്ദുക്കളാണ്. മലയോരമേഖലയിൽ കുക്കികളും നാഗകളും സോമികളും അടക്കമുള്ള 35 ഗോത്രവിഭാഗമാണ് പാർക്കുന്നത്. ഇവർ ഭൂരിപക്ഷം ക്രൈസ്തവരാണ്. എന്നാൽ, മതപരമായി നോക്കിയാൽ 41.39 ശതമാനം ഹിന്ദുക്കളും 41.29 ശതമാനം ക്രൈസ്തവരും 8.4 ശതമാനം മുസ്ലിങ്ങളുമാണ് സംസ്ഥാനത്തുള്ളത്. മൊത്തം ജനസംഖ്യയിൽ 53 ശതമാനം മെയ്ത്തീകളാണ്.

കോൺഗ്രസിൽനിന്ന് ബിജെപിയിലെത്തിയ ബിരേൻസിങ് എന്ന മെയ്ത്തീ വംശജനെ മുൻനിർത്തി ആ വിഭാഗം ജനങ്ങളുടെ പിന്തുണ ഉറപ്പിക്കാൻ ക്രൈസ്തവരായ ഗോത്രജനതയെ ‘അതിക്രമിച്ച് കടന്നുവന്നവരെന്നും’ ‘അഭയാർഥികളെന്നും’ ‘അന്യമതസ്ഥരെന്നും’ ‘വിദേശികളെന്നും’ മുദ്രകുത്തി വെറുപ്പും വിദ്വേഷവും ആളിക്കത്തിക്കുകയായിരുന്നു ഹിന്ദുത്വവാദികൾ. ഇതിനിടയിലാണ് എസ്ടി പദവി വേണമെന്ന മെയ്ത്തീകളുടെ ആവശ്യം നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ ധൃതി കൂട്ടിയത്. ഇത് ഗോത്രജനതയിൽ സംശയത്തിന്റെ വിത്ത് മുളപ്പിച്ചു. നിലവിൽ മെയ്ത്തീകൾക്ക് മലമ്പ്രദേശങ്ങളിൽ സ്വത്ത് വാങ്ങാൻ കഴിയില്ല. എന്നാൽ, എസ്ടി പദവി ലഭിച്ചാൽ അതിന് കഴിയും. മാത്രമല്ല വിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലകളിൽ ഗോത്രവിഭാഗത്തിനുള്ള സംവരണാനുകൂല്യം വിദ്യാസമ്പന്നരും രാഷ്ട്രീയ അധികാരം കൈയാളുന്നവരുമായ മെയ്ത്തീകളുമായി പങ്കുവയ്ക്കേണ്ടിയും വരും. ഇത് ഗോത്രജനതയിൽ അസ്വസ്ഥത സൃഷ്ടിച്ചു. ബിജെപി സർക്കാരിന്റെ പല നടപടികളും ഈ ഭയത്തെ സാധൂകരിക്കുന്നതായിരുന്നു. അനധികൃത കുടിയേറ്റക്കാർ എന്നുപറഞ്ഞ് ഗോത്രവിഭാഗങ്ങളെ ഒഴിപ്പിക്കൽ, സംരക്ഷിത വനമേഖല, വന്യജീവി സങ്കേതം എന്നീ പേരുകളിലുള്ള കുടിയൊഴിപ്പിക്കൽ, മയക്കുമരുന്ന് ഉപയോഗത്തിന്റെ പേരിൽ കൃഷി നശിപ്പിക്കൽ എന്നിവയെല്ലാം ഈ സംശയം ബലപ്പെടുത്തി. പരസ്പര സംശയത്തിന്റെയും വിശ്വാസമില്ലായ്മയുടെയും ഈ അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ സംഘപരിവാർ ശക്തികൾ വഹിച്ച പങ്ക് വളരെ വലുതാണ്. ആർഎസ്എസും സംഘപരിവാറും എവിടെയൊക്കെ കാലുറപ്പിക്കുന്നോ അവിടെ സംജാതമാകുന്ന സ്ഥിതിവിശേഷമാണിത്.

അതുകൊണ്ടാണ് ചില ക്രൈസ്തവ മേലധ്യക്ഷന്മാർ ബിജെപിയുമായി സഹകരിക്കുമെന്ന് പറഞ്ഞപ്പോൾ ആട്ടിൻതോലിട്ട ചെന്നായ്ക്കളെ തിരിച്ചറിയാതെ പോകരുതെന്ന് ഞാൻ പറഞ്ഞത്. മണിപ്പൂരിൽ ഇതിനകം 42 ക്രിസ്ത്യൻ പള്ളി തകർത്തെന്നാണ് ‘ദ ഹിന്ദു’ റിപ്പോർട്ട് ചെയ്തത്. മറ്റ് മതസ്ഥരുടെ ആരാധനാലയങ്ങളും തകർക്കപ്പെട്ടിട്ടുണ്ടെന്നത് വസ്തുതയാണ്. എങ്കിലും ക്രിസ്ത്യൻ പള്ളികളാണ് കൂടുതലായും തകർക്കപ്പെട്ടത്. എന്നാൽ, ആർഎസ്എസിന്റെ മുഖവാരികയായ ഓർഗനൈസർ പറയുന്നത് ആക്രമണങ്ങൾക്കു പിന്നിൽ ക്രൈസ്തവരാണെന്നാണ്. മണിപ്പൂരിലെ ക്രൈസ്തവ വേട്ടയിൽ ദുഃഖവും നടുക്കവും രേഖപ്പെടുത്തിയ കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ (സിബിസിഐ) അധ്യക്ഷൻ ആർച്ച് ബിഷപ് ആൻഡ്രൂസ് താഴത്ത് പറഞ്ഞത് സംസ്ഥാന പൊലീസ് ഇടപെടൽ വൈകിയതാണ് വൻ ക്രൈസ്തവ വേട്ടയ്ക്ക് കാരണമായതെന്നാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അനാസ്ഥയുടെ ഫലമാണ് മണിപ്പൂരിലേതെന്നാണ് സിബിസിഐ ലെയ്റ്റി കൗൺസിലിന്റെ ആരോപണം.

ജനസംഖ്യയിൽ 41 ശതമാനം പേർ ക്രൈസ്തവരായിട്ടുപോലും ബിജെപി ഭരണം നിലനിൽക്കുന്ന മണിപ്പൂരിൽ അവർക്ക് രക്ഷയുണ്ടായില്ല എന്നത് അവരുമായി സഹകരിക്കാൻ പോകുന്നവർക്ക് പാഠമാകേണ്ടതാണ്. ഗോൾവാൾക്കറുടെ വിചാരധാരയിൽ പറയുന്ന മൂന്ന് ആഭ്യന്തരഭീഷണിയിൽ രണ്ടാമത്തേത് ക്രൈസ്തവരാണെന്ന കാര്യം ഓർക്കാതെ പോകരുത്. സംഘപരിവാർ ആശയപദ്ധതിയുടെ ഭാഗമാണിത്. അതിനാലാണ് ഗോത്രവർഗക്കാരനായ ബിജെപി എംഎൽഎപോലും ആക്രമിക്കപ്പെട്ടത്. കഴിഞ്ഞ ഈസ്റ്റർദിനത്തിലാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിലെ സേക്രട്ട് ഹാർട്ട് കത്തീഡ്രലിൽ സന്ദർശനം നടത്തിയത്. തുടർന്ന്, ഏപ്രിൽ അവസാനവാരം പ്രധാനമന്ത്രി കേരളത്തിൽ എത്തിയപ്പോൾ എട്ട് ക്രൈസ്തവ സഭാനേതാക്കളുമായി ചർച്ച നടത്തുകയും ചെയ്തു. അന്ന് അവർ പ്രധാനമന്ത്രിയോട് പ്രധാനമായും ഉന്നയിച്ച ആവശ്യങ്ങളിൽ ഒന്ന് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവർക്കെതിരെ നടത്തുന്ന ആക്രമണങ്ങൾ തടയണമെന്നായിരുന്നു. ദളിത് ക്രൈസ്തവർക്കുള്ള സംവരണാനുകൂല്യം നിഷേധിക്കരുതെന്നും അവർ ആവശ്യപ്പെട്ടു.

എന്നാൽ, കേരളത്തിൽ ക്രൈസ്തവ മതനേതാക്കൾ മോദിയുമായി ചർച്ച നടത്തി ഒരാഴ്ചയ്ക്കുശേഷമാണ് ഛത്തീസ്ഗഢിൽ കോൺഗ്രസ് മുഖ്യമന്ത്രി ഭൂപേഷ് ബാഗേലിന്റെ മണ്ഡലമായ പടാലിയിലെ അമലേശ്വർ ഗ്രാമത്തിൽ ക്രൈസ്തവ പ്രാർഥനായോഗം നൂറോളം ബജ്റംഗദൾ പ്രവർത്തകർ ആക്രമിച്ചത്. മതപരിവർത്തനം നടത്തുന്നുവെന്ന് ആരോപിച്ചായിരുന്നു ആക്രമണം. പൊലീസ് കേസെടുത്തത് അക്രമികൾക്കെതിരെയായിരുന്നില്ല. മറിച്ച്, വിശ്വാസികൾക്കെതിരെയായിരുന്നു. കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനമായിട്ടുപോലും ഇതാണ് സ്ഥിതിയെങ്കിൽ ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളുടെ കാര്യം പറയാനില്ല.

ഈ ലേഖനമെഴുതുന്ന ദിവസം പത്രങ്ങളിൽ വന്ന വാർത്ത മധ്യപ്രദേശിലെ സാഗർ ജില്ലയിലെ കത്തോലിക്കാ സഭയുടെ അനാഥാലയത്തിൽ റെയ്ഡ് നടത്തുകയും വൈദികരെ മർദിക്കുകയും ചെയ്തുവെന്നാണ്. ഒഡിഷയിലെ കന്ദമലിലും ഗുജറാത്തിലെ ദാംഗ്സിലും മധ്യപ്രദേശിലെ ജാബുവയിലും നടന്ന ക്രിസ്ത്യൻ വേട്ടകൾ ചരിത്രത്തിന്റെ ഭാഗമാണ്. ഇപ്പോൾ ഇതാ മണിപ്പൂരിലും അതുതന്നെ സംഭവിച്ചിരിക്കുന്നു. കലാപം ആരംഭിച്ചിട്ട് ഒരാഴ്ചയായി. രാജ്യത്തിന്റെ പ്രധാനമന്ത്രി ഇതുവരെ ഒരക്ഷരം മിണ്ടിയിട്ടില്ല. കർണാടകത്തിലെ തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ സജീവമായിരുന്നു അദ്ദേഹം. കേരളത്തിന്റെ മതനിരപേക്ഷത തകർക്കാൻ ലക്ഷ്യംവച്ചുള്ള ഒരു സിനിമയെക്കുറിച്ച് പ്രതികരിക്കാൻ പ്രധാനമന്ത്രി സമയംകണ്ടെത്തി. ബജ്റംഗദളിനെ ന്യായീകരിക്കാനും അദ്ദേഹം വാചാലനായി. എന്നാൽ, ലോകം മുഴുവൻ ചർച്ചചെയ്യുന്ന മണിപ്പൂരിനെക്കുറിച്ച് പ്രതികരിക്കാൻ മോദി തയ്യാറായില്ല. ബിജെപിയുമായി ചർച്ചയ്ക്ക് പോകുന്നവർ ഇതൊന്നും കാണുന്നില്ലേയെന്ന് വിശ്വാസികൾതന്നെ ചോദിക്കുമെന്നതിൽ സംശയമില്ല. ഡൽഹിയിലും മുംബൈയിലും നടന്ന പ്രതിഷേധങ്ങൾ അതിലേക്കാണ് വിരൽചൂണ്ടുന്നത്.

മണിപ്പൂരിൽ ഇപ്പോഴത്തെ സംഘർഷത്തിന് പ്രധാന കാരണം സംസ്ഥാനഭരണത്തിന് നേതൃത്വം നൽകുന്ന ബിജെപിയുടെ ഹിന്ദുത്വരാഷ്ട്രീയമാണ്. വിവിധ ജനവിഭാഗങ്ങൾക്കിടയിൽ വിദ്വേഷത്തിന്റെയും വെറുപ്പിന്റെയും വിത്തുകൾ പാകിയതിന്റെ ഫലമാണിത്. സംസ്ഥാനഭരണം നിലനിർത്താൻ ഭൂരിപക്ഷത്തിന്റെ ഒപ്പംനിന്ന് മറ്റ് വിഭാഗങ്ങൾക്കെതിരെ ആർഎസ്എസും ബിജെപിയും നിരന്തരമായി നടത്തിയ കുപ്രചാരണങ്ങളുടെ ഫലംകൂടിയാണിത്

അതിക്രൂരം; വേദനാജനകം

വീണാ ജോർജ്
ആരോഗ്യമന്ത്രി

കൊട്ടാരക്കരയിലെ യുവഡോക്ടറുടെ കൊലപാതകം ദൗർഭാഗ്യകരമാണ്. ചികിത്സിക്കാനായി പൊലീസ് കൊണ്ടുവന്നയാളാണ് ഡോ. വന്ദന ദാസിനെ ക്രൂരമായി ആക്രമിച്ചത്. ഡോക്ടർമാരുടെ മനോവീര്യം തകർക്കുന്ന സംഭവമാണ് കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ നടന്നത്. പൊലീസുകാർക്കും ആക്രമണത്തിൽ പരിക്കേറ്റു. സാധാരണ മെഡിക്കൽ കോളേജിലാണ് പൊലീസ് എയ്ഡ് പോസ്റ്റുള്ളത്. കൊട്ടാരക്കര ആശുപത്രിയിൽ എയ്ഡ് പോസ്റ്റുണ്ടായിരുന്നു. അവിടെ സിഎംഒയും ആരോഗ്യപ്രവർത്തകരും ഉണ്ടായിരുന്നു. ആക്രമണമുണ്ടായ ഉടൻതന്നെ ഡോക്ടറുടെ ജീവൻ രക്ഷിക്കാനായി പരിശ്രമിച്ചു. തിരുവനന്തപുരത്ത് എത്തിച്ച് വിദഗ്ധ ചികിത്സ നൽകുന്നതിനിടെയാണ് മരിച്ചത്. വളരെ വിഷമകരമായ സംഭവമാണ്. ഇനിയൊരാൾക്കും ഇത് സംഭവിക്കാൻ പാടില്ല.

ആരോഗ്യപ്രവർത്തകർക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയാൻ 2012ൽ സംസ്ഥാന സർക്കാർ നിയമം പാസാക്കിയിരുന്നു. അതിക്രമങ്ങൾ വീണ്ടും വർധിക്കുന്ന സാഹചര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കാനും കാലോചിതമായി നിയമം ഭേദഗതി വരുത്താനുമാണ് ശ്രമിക്കുന്നത്. സമഗ്ര നിയമനിർമാണം നടത്താനാണ് ആലോചിക്കുന്നത്. എല്ലാവിഭാഗം ആരോഗ്യജീവനക്കാരുടെയും സുരക്ഷിതത്വം ഉറപ്പുവരുത്താനുള്ള നിയമമായിരിക്കും അത്. ഒപ്പം പൊതുജനങ്ങളുടെ അവകാശങ്ങളും സംരക്ഷിക്കണം.

നിലവിലെ നിയമപ്രകാരം ആരോഗ്യരക്ഷാ സേവനപ്രവർത്തകർ എന്ന നിർവചനത്തിൽ രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർമാർ, രജിസ്റ്റേർഡ് നഴ്സുമാർ, മെഡിക്കൽ വിദ്യാർഥികൾ, നഴ്സിങ് വിദ്യാർഥികൾ, ആരോഗ്യസേവന സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന പാരാമെഡിക്കൽ ജീവനക്കാർ എന്നിവരാണ്. ആരോഗ്യസ്ഥാപനത്തിന് എതിരായ ആക്രമണത്തിൽ ആദ്യം ഇരയാകുന്നത് സുരക്ഷാ ജീവനക്കാർ, റിസപ്ഷൻ ജീവനക്കാർ മുതലായവരാണ്. അതിനാൽ മറ്റു വിഭാഗം ജീവനക്കാരുടെ സുരക്ഷകൂടി ഉറപ്പാക്കേണ്ടതുണ്ട്. കൂടാതെ, അടുത്തകാലത്തായി ഒറ്റപ്പെട്ടതെങ്കിലും ആരോഗ്യസ്ഥാപനങ്ങൾക്കും സേവനപ്രവർത്തകർക്കും നേരെയുണ്ടാകുന്ന ആക്രമണങ്ങൾ പ്രസ്തുത നിയമം കൂടുതൽ കാര്യക്ഷമമായും കർശനമായും നടപ്പാക്കുന്നതിന് ഉതകുന്ന രീതിയിൽ ഭേദഗതി വരുത്തുന്നതിന് മേഖലയിലെ വിവിധ സംഘടനകൾ നിർദേശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. നിയമംഭേദഗതി വരുത്തുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിക്കുകയും നടപടികളുമായി മുന്നോട്ടുപോകുകയുമാണ്.

കേരള പ്രൈവറ്റ് ഹോസ്പിറ്റൽ അസോസിയേഷൻ ഫയൽ ചെയ്ത കേസിൽ ഡോക്ടർമാർക്കും ഇതര ആരോഗ്യപ്രവർത്തകർക്കും എതിരായി ഉണ്ടാകുന്ന സംഭവങ്ങളിൽ ഹൈക്കോടതി സർക്കാരിന്റെ ഭാഗം കേൾക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2012 ലെ കേരള ആരോഗ്യരക്ഷാ സേവനപ്രവർത്തകരും ആരോഗ്യസേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ആക്ട് ഭേദഗതി ചെയ്യുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ചു.അക്രമങ്ങൾ നടത്തുന്ന സാമൂഹ്യവിരുദ്ധർക്കെതിരെ കർശന നടപടിയെടുക്കാനും സ്ഥാപനങ്ങൾ സ്ഥിരമായി നിരീക്ഷിക്കാനും സംസ്ഥാന പൊലീസ് മേധാവിയോട് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട്.ഇത്തരത്തിൽ സർക്കാർ എടുത്തിട്ടുള്ള വിവിധങ്ങളായ നടപടികളിൽ ഹൈക്കോടതി തൃപ്തി രേഖപ്പെടുത്തിയിരുന്നു. ഐഎംഎ, കെജിഎംഒഎ, കെജിഎംസിടിഎ തുടങ്ങിയ വിവിധ സംഘടനകളുമായി വകുപ്പ് മന്ത്രി നേരിട്ട് ചർച്ച നടത്തി. ഈ നിയമം എത്രയുംവേഗം യാഥാർഥ്യമാക്കാനാണ് ശ്രമിക്കുന്നത്.

അത്യാഹിത വിഭാഗത്തിലും മറ്റും അധിക കൂട്ടിരിപ്പുകാർ പാടില്ലെന്ന് തീരുമാനിച്ചതാണ്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഡിജിപി ഉൾപ്പെടെയുള്ളവരുടെ യോഗം നടത്തിയിരുന്നു. പുതുതായി നിയമിക്കുന്ന സെക്യൂരിറ്റി ജീവനക്കാർ വിമുക്തഭടൻമാരായിരിക്കണമെന്ന് നിർദേശം നൽകി. ആശുപത്രികളിലെ പ്രധാന ഭാഗങ്ങളിൽ സിസിടിവി കാമറകൾ സ്ഥാപിക്കാനും നിർദേശിച്ചു.മെഡിക്കൽ കോളേജുകളിലെ സുരക്ഷ വർധിപ്പിക്കാനും ഉത്തരവിട്ടിരുന്നു. രോഗികളുടെകൂടെ ഒരു സമയം ഒരാൾ മാത്രമെന്നരീതിയിൽ പരമാവധി രണ്ട് കൂട്ടിരിപ്പുകാരെ അനുവദിക്കാവുന്നതാണ്. അനധികൃതമായി ആശുപത്രിയിൽ കടക്കുന്നവരെ പൊലീസിന് കൈമാറേണ്ടതാണ്.

അക്രമം നേരിടാൻ പൊതുനിർദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി വകുപ്പ് ഡയറക്ടർക്കും ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്കും പൊതുനിർദേശങ്ങൾ നൽകിയിരുന്നു. കാഷ്വാലിറ്റി, ഒപി പരിസരങ്ങളിൽ സിസിടിവി സ്ഥാപിച്ച് പൊലീസ് എയ്ഡ് പോസ്റ്റുമായി ബന്ധപ്പെടുത്തും. സെക്യൂരിറ്റി ജീവനക്കാരെ നിരീക്ഷിക്കാൻ പ്രത്യേക ചുമതല നൽകും. പാരാമെഡിക്കൽ ജീവനക്കാർക്കും മറ്റുള്ളവർക്കും സുരക്ഷാ പരിശീലനം ഉറപ്പുവരുത്തും. ഒപി, കാഷ്വാലിറ്റി പരിസരത്ത് സുരക്ഷയ്ക്കായി വിമുക്തഭടൻമാരെ മാത്രമേ നിയമിക്കാവൂ.

മരിച്ച ഡോക്ടർക്ക് ആദരാഞ്ജലി അർപ്പിച്ച് ആരോഗ്യ മന്ത്രിയെന്നനിലയിൽ നടത്തിയ പ്രതികരണം ചില മാധ്യമങ്ങൾ വളച്ചൊടിച്ച് പ്രചരിപ്പിച്ചു. ഈ സംഭവത്തെക്കുറിച്ച് അവിടെയുള്ള ആരോഗ്യപ്രവർത്തകർ പറഞ്ഞ കാര്യങ്ങളാണ് ഞാൻ പറഞ്ഞത്. ഒരു പെൺകുട്ടി ദാരുണമായി കൊല്ലപ്പെട്ട ദുഃഖകരമായ സാഹചര്യത്തിലെ വാക്കുകളെ, വളച്ചൊടിച്ച് വിവാദമാക്കാൻ ശ്രമിക്കുന്നത് എന്ത് ക്രൂരതയാണ്. അത് മാധ്യമങ്ങളുടെ തലപ്പത്തുള്ളവരും പ്രതിപക്ഷവും ചിന്തിക്കണം. ഒരു ദുരന്തമുഖത്തുപോലും വിവാദമുണ്ടാക്കാനുള്ള നികൃഷ്ട മനസ്സാണ് ഇവിടെ വെളിവാകുന്നത്.

ഡോ. വന്ദനാദാസ്

ആരോഗ്യപ്രവർത്തകർക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയാൻ 2012ൽ സംസ്ഥാന സർക്കാർ നിയമം പാസാക്കിയിരുന്നു. അതിക്രമങ്ങൾ വീണ്ടും വർധിക്കുന്ന സാഹചര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കാനും കാലോചിതമായി നിയമം ഭേദഗതി വരുത്താനുമാണ് ശ്രമിക്കുന്നത്. സമഗ്ര നിയമനിർമാണം നടത്താനാണ് ആലോചിക്കുന്നത്. എല്ലാവിഭാഗം ആരോഗ്യജീവനക്കാരുടെയും സുരക്ഷിതത്വം ഉറപ്പുവരുത്താനുള്ള നിയമമായിരിക്കും അത്

ആവർത്തിക്കരുത് ഇനിയൊരിക്കലും

ഡോ. ബി ഇക്ബാൽ

താനൂർ ബോട്ടപകടത്തിന്റെ അസ്വസ്ഥതയിൽനിന്ന് മുക്തമാകുംമുമ്പ് ഞെട്ടലുണ്ടാക്കുന്ന മറ്റൊരു അതിദാരുണ സംഭവം ഉണ്ടായിരിക്കുന്നു. 24 വയസ്സുമാത്രമുള്ള ഹൗസ് സർജൻസി ചെയ്യുന്ന ഡോ. വന്ദന ദാസ് കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ഡ്യൂട്ടിക്കിടെ കുത്തേറ്റു മരിച്ചത് അക്ഷരാർഥത്തിൽ കേരളത്തെ നടുക്കിയിരിക്കുകയാണ്.

ആശുപത്രിയിൽ ചികിത്സയ്ക്ക് കൊണ്ടുവന്ന, ലഹരിക്കടിമയും അക്രമാസക്തനുമായ പൂയപ്പള്ളി സ്വദേശി സന്ദീപാണ് ഒരു പ്രകോപനവുമില്ലാതെ ഡോക്ടറെയും പൊലീസുകാരെയും ആക്രമിച്ചത്. ഇത്തരത്തിലുള്ള മാനസികനില തെറ്റിയ ഒരാളെ കൊണ്ടുപോകുമ്പോൾ പാലിക്കേണ്ട സുരക്ഷാ കരുതലുകൾ സ്വീകരിക്കുന്നതിൽ ക്രമസമാധാനപാലനം ഉറപ്പാക്കേണ്ട പൊലീസിന് വീഴ്ച പറ്റിയിട്ടുണ്ടോ എന്നു പരിശോധിക്കണം. ആശുപത്രികൾക്കും ഡോക്ടർമാർക്കും മറ്റ് ആശുപത്രി ജീവനക്കാർക്കും എതിരെയുള്ള ആക്രമണം വർധിച്ചുവരുന്ന സാഹചര്യത്തിലാണ് ഈയൊരു കൊലപാതകം ഉണ്ടായിരിക്കുന്നത്.

ലോകത്തെ ഏറ്റവും പരിപാവനമായ ബന്ധമാണ് ഡോക്ടർമാരും രോഗികളും തമ്മിലുള്ളത്. ഇപ്പോഴും സമൂഹം ഏറ്റവുമധികം ബഹുമാനിക്കുകയും സ്നേഹിക്കുകയും ദൈവത്തെപ്പോലെ കരുതുകയും ചെയ്യുന്നത് ചികിത്സകരെയാണ്. എന്നാൽ, ഇടയ്ക്കിടെ യുണ്ടാകുന്ന ആക്രമണങ്ങൾ യുവഡോക്ടർമാരെ പ്രത്യേകിച്ചും മാനസികമായി തളർത്തുകയും അവരിൽ ഭീതിപരത്തുകയും ചെയ്യുന്നുണ്ട്. വൈദ്യവൃത്തിയിലേക്ക് പ്രതീക്ഷയോടെ കടക്കുന്ന ഒരു യുവഡോക്ടർ കുത്തേറ്റു മരിച്ചത് വൈദ്യമേഖലയിലാകെ വലിയ അസ്വസ്ഥതയ്ക്ക് കാരണമാകും. ചികിത്സയ്ക്കായി സമീപിക്കുന്ന ഓരോ രോഗിയും അവരുടെ ബന്ധുക്കളും എപ്പോൾ വേണമെങ്കിലും തങ്ങളെ ശാരീരികമായി ആക്രമിച്ചേക്കാമെന്ന് ചിന്തിച്ച് ഭയചകിതരായി ആതുരസേവനം നടത്താൻ ഡോക്ടർമാർക്കാകില്ല.അടിക്കടിയുണ്ടാകുന്ന ഇത്തരം സംഭവങ്ങൾ ഡോക്ടർ– രോഗീബന്ധം വഷളാകുന്നതിനും ആരോഗ്യമേഖലയിൽ അരാജകത്വം വളർത്തുന്നതിനും കാരണമാകും.

ഇനി ഒരിക്കലും ഇത്തരം സംഭവം ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടികൾ ഒരുനിമിഷം വൈകാതെ സ്വീകരിക്കേണ്ടിയിരിക്കുന്നു. ഇപ്പോഴുള്ള നിയമങ്ങൾ കൂടുതൽ കർശനമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് ആരോഗ്യ മന്ത്രി പറഞ്ഞിട്ടുള്ളത് ആശ്വാസകരമാണ്. എന്നാൽ, നിയമനിർമാണം നടത്തിയാൽ മാത്രംപോരാ; അത് നടപ്പാക്കുമെന്ന് ഉറപ്പാക്കണം. പ്രാവർത്തികമാകുന്നുണ്ടോയെന്ന് പരിശോധിക്കാൻ നിരന്തരം നിരീക്ഷിക്കപ്പെടുകയും വേണം.

ആതുരസേവന മേഖലയിൽ പലവട്ടം അതിക്രമങ്ങളുണ്ടായിട്ടുണ്ടെങ്കിലും ഭാഗ്യവശാൽ മരണം ഇതിനു മുമ്പുണ്ടായിട്ടില്ല. ഇപ്പോഴാണ് അതു സംഭവിച്ചിരിക്കുന്നത്. പലപ്പോഴും മരണം തലനാരിഴയ്ക്ക് മാറിപ്പോകുകയായിരുന്നു. കാര്യമെന്തെന്നുപോലുമറിയാതെ ഡോക്ടർമാരെ ആക്രമിക്കുന്ന സാഹചര്യമുണ്ട്. ആതുര ശുശ്രൂഷയുടെ, ഡോക്ടർമാരുടെ സേവനത്തിന്റെ മൂല്യം സമൂഹമാകെ തിരിച്ചറിയേണ്ടതുണ്ട്. അതിന്റെ പോരായ്മ നിലവിലുള്ളതായി തുടർച്ചയായി ഉണ്ടാകുന്ന സംഭവങ്ങൾ വ്യക്തമാക്കുന്നുണ്ട്. ആശുപത്രികളിൽനിന്ന് തൃപ്തികരമായ സേവനം ലഭിക്കുന്നില്ലെങ്കിൽ പരാതിപ്പെടാനുള്ള സംവിധാനങ്ങളുണ്ട്. ഇതിനൊന്നും ശ്രമിക്കാതെ ചിലർ വൈകാരികമായി പ്രതികരിച്ച് ആക്രമണമുണ്ടാക്കുകയാണ്. ഇതിന് അറുതി വന്നേ പറ്റൂ. ഇക്കാര്യത്തിൽ കർശനമായ നടപടി വേണം. എല്ലാ ആശുപത്രികളിലും പൊലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതടക്കം പരിഗണിക്കണം.

നമുക്ക് മികച്ച പൊതുജനാരോഗ്യ സംവിധാനമുണ്ട്. നിപായെയും കോവിഡിനെയുമെല്ലാം നമ്മൾ അതിജീവിച്ചത് ഈ കരുത്തുകൊണ്ടാണ്. ഈ ആരോഗ്യമേഖലയെ സംരക്ഷിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്. ആശുപത്രികളിൽ സമാധാനപരമായ അന്തരീക്ഷവും മതിയായ സുരക്ഷയും വേണം. എങ്കിലേ ഡോക്ടർമാർക്കും ആരോഗ്യപ്രവർത്തകർക്കും പ്രവർത്തിക്കാനാകൂ. അക്കാര്യം ഉറപ്പാക്കാൻ കർശന നടപടി വേണം. ഡോ. വന്ദന ദാസിന് ആദരാഞ്ജലി. മായുന്നില്ല, മനസ്സിൽനിന്ന് ആ മുഖം.